**KOLLAM CITY POLICE**
https://www.kollam city.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 29/ 06/ 2021

# സുചിത്രാ പിളള കൊലക്കേസിലെ അന്വേഷണ മികവിന് ജില്ലാ പോലീസ് മേധാവിയടക്കം ഒമ്പത് പേർക്ക് ബാഡ്ജ് ഓഫ് ഹോണർ ബഹുമതി

കൊല്ലം : കൊട്ടിയത്ത് നിന്നും കാണാതായി പാലക്കാട് വച്ച് കൊലചെയ്യപ്പെട്ട ബ്യൂട്ടിഷ്യൻ അദ്ധ്യാപികയുടെ കേസ് അന്വേഷിച്ച അന്വേഷണ സംഘം കുറ്റാന്വേഷണ മികവിനുളള സംസ്ഥാന പോലീസ് മേധാവിയുടെ 2020 ലെ ബാഡ്ജ് ഓഫ് ഹോണർ ബഹുമതിക്കർഹമായി. ജില്ലാ പോലീസ് മേധാവി നാരായണൻ.റ്റി ഐ.പി.എസ്സ്, അഡീഷണൽ ഡെപ്യൂട്ടി കമ്മീഷണർ ജോസി ചെറിയാൻ, സി-ബ്രാഞ്ച് അസിസ്റ്റന്റ് കമ്മീഷണർ ബി.ഗോപകുമാർ, സബ്ബ് ഇൻസ്പെക്ടർമാരായ അനിൽകുമാർ.വി, നിസാം. എ, അമൽ.സി, താഹക്കോയ, എ.എസ്സ്.ഐ നിയാസ്.എ, സി.പി.ഓ സാജൻ ജോസ് എന്നിവർക്കാണ് കുറ്റാന്വേഷണ മികവിനുളള ബാഡ്ജ് ഓഫ് ഹോണർ ലഭിച്ചത്. വീട്ടിൽ നിന്നും ട്രെയിനിംഗ് പോകുന്നതിനായി തിരിച്ച് പിന്നീട് യാതൊരുവിധ തെളിവുകളും ലഭിക്കാതെ അന്വേഷണം വഴിമുട്ടിയതിനെ തുടർന്ന് രൂപീകരിച്ച അന്വേഷണ സംഘമാണ് ബഹുമതിക്കർഹമായത്. ലോക്ക്ഡൗൺ കാലത്ത് കാണാതായ സുചിത്രാപിളളയെ സുഹൃത്ത് പാലക്കാടുളള ഇയാളുടെ വീട്ടിൽ വച്ച് കൊലപ്പെടുത്തി മൃതദേഹം അടുത്തുളള ചതുപ്പിൽ മറവ് ചെയ്യുകയായിരുന്നു. സൈബർ സെല്ലിന്റെയും മറ്റും സഹായത്തോടെ നടത്തിയ വിദഗ്ദ അന്വേഷണത്തിൽ മൃതദേഹാവശിഷ്ടങ്ങൾ കണ്ടെത്തി കുറ്റവാളിയെ അറസ്റ്റ് ചെയ്ത അന്വേഷണ സംഘത്തിനാണ് സംസ്ഥാന പോലീസ് മേധാവിയുടെ കുറ്റാന്വേഷണ മികവിനുളള പുരസ്ക്കാരം ലഭിച്ചത്.



സംസ്ഥാന പോലീസ് മേധാവിയുടെ ബാഡ്ജ് ഓഫ് ഹോണർ പുരസ്ക്കാരത്തിന് അർഹരായ ജില്ലാ പോലീസ് മേധാവി നാരായണൻ.റ്റി.ഐ.പി.എസ്സും അഡീഷണൽ ഡെപ്യൂട്ടി കമ്മീഷണർ ജോസി ചെറിയാനും